"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാലുവേഷൻ & മോണിറ്ററിംഗ് വകുപ്പ് - നിലവിലുള്ള നാലു മിഷനുകളായ ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവയെയും കേരള പുനർനിർമാണ പദ്ധതി (RKI) -യെയും ഉൾപ്പെടുത്തി നവകേരളം കർമ്മപദ്ധതി-II രൂപീകരിച്ച ഉത്തരവാകുന്നു.

**പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാലുവേഷൻ & മോണിറ്ററിംഗ് വകുപ്പ്**

G.O.(P) No.10/2021/P&EA    തീയതി,തിരുവനന്തപുരം, 01/08/2021

പരാമർശം:-
1. സ.ഉ.(പി) നം.41/2016/ആ.സാ.വ തീയതി 28.09.2016
2. സ.ഉ.(പി) നം.10/2017/ആ.സാ.വ തീയതി 19.04.2017
3 സ.ഉ.(പി) നം.16/2018/ആ.സാ.വ തീയതി 09.11.2018

**ഉത്തരവ്**

കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും, സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട് ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ 2016-21 കാലയളവിൽ പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നീ നാലു മിഷനുകൾ 'നവകേരളം കർമ്മപദ്ധതി' എന്ന പരിപാടിയിൽ ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിച്ചു. സർവതലസ്പർശിയായ വികസനപ്രവർത്തനങ്ങളാണ് നവകേരളം കർമ്മപദ്ധതിയിലൂടെ വിഭാവനം ചെയ്തിരുന്നത്. ആറ് മുൻഗണനാമേഖലകളെ കോർത്തിണക്കി താഴെപ്പറയുന്ന നാല് വികസനമിഷനുകളാണ് നവകേരളം കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ
2. ജനസൗഹൃദ സർക്കാർ ആശുപത്രികൾ - ആർദ്രം മിഷൻ
3. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം
4. ശുചിത്വ-മാലിന്യസംസ്കരണം, മണ്ണ്-ജല സംരക്ഷണം, ജൈവകൃഷി രീതിക്കു പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷിവികസനം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകുന്ന ഹരിതകേരളം മിഷൻ

2. 2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തെ തുടർന്ന് കേരള പുനർനിർമാണ പദ്ധതി (RKI) പരാമർശം (3) ഉത്തരവ് പ്രകാരം പ്രവർത്തനം ആരംഭിച്ചു. നാശനഷ്ടം നേരിട്ട ആസ്തികളുടെ പുനരുദ്ധാരണത്തിലും പുനർനിർമ്മാണത്തിലും ഉന്നത ഗുണനിലവാരം ഉറപ്പാക്കുന്നതിനും, നൂതനവും വികസനോന്മുഖവുമായ വലിയ പദ്ധതികൾ തയ്യാറാക്കുന്നതിനും, സമയബന്ധിതമായ നിർമ്മാണപ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നതിനും, പാരിസ്ഥിതിക സൗഹാർദ്ദമാനദണ്ഡങ്ങൾ പാലിച്ച് ഭാവിയിൽ ആവർത്തിക്കപ്പെടാവുന്ന ഏതൊരു പ്രളയത്തേയും നേരിടാനുള്ള ശേഷി പുനർനിർമ്മിക്കപ്പെടുന്ന ആസ്തികൾക്ക് ഉറപ്പുവരുത്തുന്നതിനും വിഭാവനം ചെയ്താണ് കേരള പുനർ നിർമ്മാണപദ്ധതി ആരംഭിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ, വീടുകൾ, ഉപജീവനോപാധികളുടെ വീണ്ടെടുപ്പ്, PWD റോഡുകളും പാലങ്ങളും, പൊതുകെട്ടിടങ്ങളുടെ വലിയ അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും, ജലവിതരണം, ഗണ്യമായ തോതിൽ പരിസ്ഥിതി സംരക്ഷണ – പ്രകൃതി സൗഹൃദ ഇടപെടലുകൾ ആവശ്യമായ വികസന പദ്ധതികൾ, മലയോര കാർഷിക ആവാസവ്യവസ്ഥയുടെ സമഗ്രവികസനം, മത്സ്യ തൊഴിലാളികളുടെ സമഗ്രമായ പുനരധിവാസവും വികസനവും ലക്ഷ്യമാക്കിയ പദ്ധതികൾ,

തന്ത്ര പ്രധാനമായ വലിയ വികസന പദ്ധതികൾ എന്നീ പത്ത് വിഭാഗങ്ങളുൾക്കൊള്ളിച്ചുകൊണ്ടാണ് കേരള പുനർനിർമ്മാണപദ്ധതി ആരംഭിച്ചത്.

3. നാലു മിഷനുകളും RKI-യും പ്രത്യേക ഉദ്ദേശലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പ്രവർത്തിച്ചു വന്നത്. ഓരോ മിഷനുകളുടെയും, RKI-യുടെയും നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ എടുത്തുപറയത്തക്ക പുരോഗതി കൈവരിച്ചതായി കാണാവുന്നതാണ്. എന്നിരുന്നാലും, ഫലപ്രദമായ സംയോജനവും ഏകോപനവും ആവശ്യമായ വിവിധ തലങ്ങളിൽ സമയാസമയങ്ങളിൽ നടത്തിയ വിലയിരുത്തലുകളിൽ നിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട്, ലക്ഷ്യങ്ങൾ പൂർണതോതിൽ കൈവരിക്കുന്നതിന് ഉതകുന്ന രീതിയിൽ നവകേരളം കർമ്മപദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, രണ്ടാം ഘട്ടത്തിൽ നിലവിലുള്ള നാലു മിഷനുകളായ ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവയെയും കേരള പുനർനിർമാണ പദ്ധതി (RKI)-യെയും ഉൾപ്പെടുത്തി അവയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏകോപ്പിക്കുന്നതിനായി നവകേരളം കർമ്മപദ്ധതി-II എന്ന പേരിൽ ഒരു ഏകീകൃത മിഷൻ രൂപീകരിച്ച് ഉത്തരവാകുന്നു.

5. നവകേരളം കർമ്മപദ്ധതി-II യുടെ നടത്തിപ്പിനായി ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായും ചീഫ് സെക്രട്ടറി കൺവീനറായും നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ ജോയിന്റ് കൺവീനറായും ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ, സെക്രട്ടറിമാർ എന്നിവർ അംഗങ്ങളായും അനുബന്ധം -1 ൽ പ്രതിപാദിച്ച പ്രകാരമുള്ള മിഷൻ ഘടനയോടെ നവകേരളം കർമ്മപദ്ധതി സെൽ രൂപീകരിച്ച് ഉത്തരവാകുന്നു.

6. നവകേരളം കർമ്മപദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനും ഏകോപനത്തിനുമായി ഒരു കോഓർഡിനേറ്റർ തസ്തികയും (നേരിട്ടുള്ള നിയമനം) പുനർവിന്യാസം/കരാർ വ്യവസ്ഥയിൽ നികത്തേണ്ട മറ്റു 87 തസ്തികകളും അടക്കം അനുബന്ധം-2 ൽ ചേർത്തിരിക്കുന്ന പ്രകാരം 88 തസ്തികകൾ മൂന്ന് വർഷത്തേയ്ക്ക് സൃഷ്ടിച്ചു ഉത്തരവാകുന്നു.

7. പൊതുവിദ്യാഭ്യാസ സംരക്ഷണം എന്ന ആശയം ഏതാണ്ട് പൂർത്തീകരിച്ചതിനാലും ഇനി ഊന്നൽ നൽകേണ്ടത് ഗുണമേന്മ വിദ്യാഭ്യാസത്തിനായതിനാലും വിദ്യാഭ്യാസ മിഷന്റെ പേര് "വിദ്യാകിരണം' എന്ന് പുനർനാമകരണം ചെയ്തു ഉത്തരവാകുന്നു.

8. നവകേരളം കർമ്മപദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുന്ന മാർഗ്ഗരേഖ വികസിപ്പിക്കാൻ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാല്യുവേഷൻ ആൻഡ് മോണിറ്ററിംഗ് ഡിപ്പാർട്മെൻറ് (പി.ഐ. ഇ.&എം.ഡി)-യെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Bishwanath Sinha
Principal Secretary

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/സ്പെഷ്യൽ

സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും/
എല്ലാ ഓഫീസർമാർക്കും,
നിയമസഭാ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ മേധാവികൾക്കും / എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുഭരണ (എസ്.സി) വകുപ്പിന്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

പകർപ്പ്

മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ സെക്രട്ടറിമാരുടെയും പി.എമാർക്ക്